**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 583**

**05.06.2018-ന് മറുപടി നൽകേണ്ടത്**

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ**

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.പി.വി.അൻവർ<br>പ്രൊഫ.കെ.യു.അരുണൻ | ഡോ. റ്റി.എം.തോമസ് ഐസക്,<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| എ. | കേരള ഫിനാൻഷ്യൽ കോർപ്പറേഷനെ പ്രതിസന്ധിയിൽ നിന്നും രക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | കേരള ഫിനാൻഷ്യൽ കോർപ്പറേഷന് നിലവിൽ പ്രതിസന്ധികളൊന്നും ഇല്ല. |
| ബി. | വർഷങ്ങളായി കെട്ടിക്കിടക്കുന്ന കിട്ടാക്കടങ്ങൾ ഉദാരമായി തീർപ്പാക്കാൻ കെ.എഫ്.സി. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | ഉണ്ട്. കിട്ടാക്കടത്തിന്റെ തോത് കുറയ്ക്കുന്നതിനായി കെ.എഫ്.സി. മെയ് 8 ന് തിരുവനന്തപുരത്ത് റിട്ടേർഡ് ജില്ലാ ജഡ്ജിയുടെ നേതൃത്വത്തിൽ ഉദാരമായ ഒറ്റത്തവണ തീർപ്പാക്കൽ അദാലത്ത് സംഘടിപ്പിച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത അദാലത്തിൽ 474 അപേക്ഷകൾ പരിഗണിക്കുകയും അതിൽ 326 അപേക്ഷകൾ അദാലത്തിന്റെ വ്യവസ്ഥകൾക്ക് വിധേയമായി തീർപ്പാക്കുകയും ചെയ്തു. ബാക്കിയുള്ള അപേക്ഷകൾ ബോർഡിന്റെ പരിഗണനയിലാണ്. |
| സി. | ഇതിനായി പ്രത്യേക അദാലത്ത് നടത്തിയിട്ടുണ്ടോ; | |
| ഡി. | സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിന്റെ പ്രധാന ചാലക ശക്തിയായി കെ.എഫ്.സി.യെ മാറ്റിയെടുക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിന്റെ പ്രധാന ചാലക ശക്തിയായി മാറ്റുന്നതിനായി കെ.എഫ്.സി നടത്തിയ സുപ്രധാന പരിഷ്കാരം, കെ.എഫ്.സി.യുടെ പലിശ നിരക്കുകൾ കുറയ്ക്കുക എന്നതാണ്. പലിശ നിരക്കുകൾ 9.5% എന്ന ബേസ് റേറ്റ് സംവിധാന ത്തിലേക്കാണ് മാറിയത്. കൂടാതെ നല്ല സംരംഭകരെ ആകർഷിക്കുന്നതിനായി ശക്തമായ മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തി. മികച്ച വായ്പാ |

| | | |
|---|---|---|
| | | പ്രൊപ്പോസലുകൾ കണ്ടെത്തുന്നതിനായി കേന്ദ്രീകൃത അപ്രൈസൽ സംവിധാനം നിലവിൽ വന്നു. സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി നൂതന പദ്ധതികൾ ആവിഷ്കരിച്ചു |

Sd/-

**സെക്ഷൻ ഓഫീസർ**